ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പാലത്തിന്റെ നിർമ്മാണം എത്രയും വേഗം തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മാള-നെയ്ത്തുക്കുടി പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം

69 (1379) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻചിറ-മാള പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്ത്തുക്കുടി പാലം നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ എത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) മാള-നെയ്ത്തുക്കുടി പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം ഈ വർഷം നടത്തുവാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പാലം പണി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പാലാങ്കടവ് പാലം നിർമ്മിക്കുന്നതിന് നടപടി

70 (1380) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ തലയോലപ്പറമ്പ് മറവന്തുരുത്ത് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലാങ്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്നറിയിക്കുമോ ;

(ഡി) ഇതിന്റെ പണി എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തീകരിക്കാൻ ആകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡ് സഹായം ലഭിച്ച ഈ പാലത്തിന്റെ നിർമ്മാണത്തിനു വേണ്ടി ഫൈനൽ ഡിസൈൻ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 288 ലക്ഷം രൂപ.

(സി&ഡി) ഡിസൈൻ പൂർത്തീകരിച്ച് പണി എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിലെ പുതിയ ഇടവക്കോട് പാലത്തിന്റെ നിർമ്മാണം

71 (T1381) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിലെ പുതിയ ഇടവക്കോട് പാലത്തിന്റെ നിർമ്മാണത്തിനായി കരാർ ഉറപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) ഈ പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രസ്തുത പാലത്തിന്റെ ശിലാസ്ഥാപനം എന്നാണ് നടന്നത് ; പാലം പണി പൂർത്തിയാക്കാനുള്ള കാലാവധി എത്രയാണ് ;

(ഡി) ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം മനഃപൂർവ്വം വൈകിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) നിശ്ചിത കരാർ തീയതിക്കുള്ളിൽ പാലം പണി പൂർത്തിയാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലത്തിലെ കരിയം കട്ടച്ചൽക്കോണം റോഡിൽ പുതിയ ഇടവക്കോട് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് മേൽ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പാണ്.

പടിഞ്ഞാറത്തറ-പുഴിത്തോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

72 (1382) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയെ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പടിഞ്ഞാറത്തറ-പുഴിത്തോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെ വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡ് വനത്തിൽകൂടി കടന്നുപോകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വർഷങ്ങൾ കഴിഞ്ഞിട്ടും ഈ റോഡ് നിർമ്മാണത്തിന് കേന്ദ്ര വനം വകുപ്പിൽ നിന്നും അനുമതി കിട്ടുന്നതിന് ഗവൺമെന്റ് ശ്രദ്ധപതിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly